പൊതു പരീക്ഷകൾ നടത്തുന്നതിനുള്ള പുതിയ പദ്ധതികൾ

*8 [112] *ശ്രീ. കെ. എൻ. എ. ഖാദർ:*
,, *യു. സി. രാമൻ:*
,, *സി. മമ്മൂട്ടി:*
,, *പി. കെ. അബ്ദുറബ്ബ്:*
,, *സി. മോയിൻകുട്ടി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു പരീക്ഷകൾ കുറ്റമറ്റതാക്കിത്തീർക്കുന്നതിനും പരാതികളില്ലാതെയും, വേഗത്തിലും ശാസ്ത്രീയമായും അവ നടത്താനും പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):*

(എ)& (ബി) ബഹു. ഹൈക്കോടതിയുടെ 29-4-2005-ലെ റിട്ട് പെറ്റീഷൻ (സി) 13132/2005, കേസ്സിലെ ഒരു ഉത്തരവിൽ ചോദ്യപേപ്പർ ചോർച്ച തടയുന്നതുൾപ്പെടെ, എസ്. എസ്. എൽ. സി. പരീക്ഷാ നടത്തിപ്പിനെ സംബന്ധിച്ച് ചില മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയ്ക്കായി പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത നിർദ്ദേശങ്ങൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഇക്കാര്യത്തിൽ സർക്കാർ കൈക്കൊള്ളുന്ന തീരുമാനങ്ങൾ കോടതിയുടെ അന്തിമവിധിയ്ക്ക് വിധേയമായിരിക്കും.

എസ്. എസ്. എൽ. സി. ചോദ്യപേപ്പർ ചോർച്ച

*9 [113] *ശ്രീ. മത്തായി ചാക്കോ:*
,, *എം. വി. ജയരാജൻ:*
,, *എം. പ്രകാശൻ മാസ്റ്റർ:*
,, *ടി. കെ. ദേവകുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ എസ്. എസ്. എൽ. സി. പരീക്ഷാ ചോദ്യപേപ്പർ ചോർന്നതുമായി ബന്ധപ്പെട്ട് വിദ്യാഭ്യാസവകുപ്പ് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇതിന് കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ചോദ്യപേപ്പർ ചോർച്ച തടയുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(ഡി) പരീക്ഷാ സമ്പ്രദായത്തിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്താൻ ഉദ്ദേശിക്കുന്നത്;

(ഇ) ചോദ്യപേപ്പർ അച്ചടിക്കുന്നതിന് എന്ത് സംവിധാനം ഏർപ്പെടുത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്;

(എഫ്) ചോദ്യപേപ്പർ അച്ചടിക്കുന്നതിന് കരാർ നൽകിയതിലെ അപാകതകൾ സംബന്ധിച്ച് കേസ്സെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ)*:

(എ) & (ബി) 21-3-2005-ൽ നടത്തേണ്ടിയിരുന്ന എസ്. എസ്. എൽ. സി. പരീക്ഷയുടെ സോഷ്യൽ സയൻസ് പേപ്പർ ചോർന്നതായി 20-3-2005-ൽ മനസ്സിലാക്കി. തുടർന്ന് 21-3-2005-ലെ പരീക്ഷാ ചോദ്യപേപ്പർ കെട്ടുകൾ പൊട്ടിക്കാതെ അതത് ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ 21-3-2005 തിങ്കളാഴ്ച രാവിലെ എത്തിക്കുന്നതിന് ചീഫ് സൂപ്രണ്ടുമാർക്ക് വാർത്താമാദ്ധ്യമങ്ങളിലൂടെ നിർദ്ദേശം നൽകി. 21-3-2005-ലെ പരിശോധനയിൽ കെ. വി. എം. എച്ച്. എസ്. എസ്. ചെറിയ വെളിയനല്ലൂർ, കൊല്ലം എസ്. എൻ. ജി. എസ്. എൻ. ഡി. പി. ഹൈസ്ക്കൂൾ ചെന്നീർക്കര, പത്തനംതിട്ട. എൻ. എസ്. എസ്. എച്ച്. എസ്. കവിയൂർ, പത്തനംതിട്ട, മായന്നൂർ സെന്റ് തോമസ് എച്ച്. എസ്. തൃശ്ശൂർ, ഗവ: എച്ച്. എസ്. എസ്. കോക്കല്ലൂർ, കോഴിക്കോട്, നിർമ്മല എച്ച്. എസ്. എസ്. പെംപേരി, കണ്ണൂർ എന്നീ സ്ക്കൂളുകളിൽ ചോദ്യപേപ്പർ പാക്കറ്റ് മുൻകൂറായി പൊട്ടിച്ചതായി കണ്ടെത്തി. ഇത് സംബന്ധിച്ച് ബന്ധപ്പെട്ട ഡപ്യൂട്ടി ഡയറക്ടർമാർ അന്വേഷിക്കുകയും കുറ്റക്കാരായ ചീഫ് ഡെപ്യൂട്ടി സൂപ്രണ്ടുമാരെ അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും ചെയ്തു. ചോർച്ചയ്ക്കിടയാക്കി എന്ന് സംശയിക്കുന്ന എയ്ഡഡ് സ്കൂളുകളുടെ അംഗീകാരം പിൻവലിക്കുന്നതുൾപ്പെടെയുള്ള നടപടികൾ നടന്നുവരുന്നു. സർക്കാർ സ്കൂളുകളിലെ ബന്ധപ്പെട്ട അദ്ധ്യാപകരെ സർവ്വീസിൽ നിന്നും പിരിച്ചുവിടാതിരിക്കാനുള്ള കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ട്. എയ്ഡഡ് സ്കൂളിലെ അദ്ധ്യാപകരുടെ നിയമന അധികാരി മാനേജരാകയാൽ ബന്ധപ്പെട്ട അദ്ധ്യാപകർക്കെതിരെ പ്രാഥമിക നടപടി കൈക്കൊള്ളാൻ വേണ്ട നിർദ്ദേശം മാനേജർമാർക്ക് നൽകിയിട്ടുണ്ട്. അതിനുശേഷം മാത്രമേ അത്തരം അദ്ധ്യാപകർക്കെതിരെ സർക്കാരിന് നടപടികൾ കൈക്കൊള്ളാൻ കഴിയുകയുള്ളൂ.

(സി) —(ഇ) ബഹു. ഹൈക്കോടതിയുടെ 29-4-2005-ലെ W.P. (C) 13137/2005 കേസിലെ ഉത്തരവിൽ ചോദ്യപേപ്പർ ചോർച്ച തടയുന്നതുൾപ്പെടെയുള്ള

LIBRARY ARCHIVES Kerala Legislative Assembly

എസ്. എസ്. എൽ. സി. പരീക്ഷാ നടത്തിപ്പിനെ സംബന്ധിച്ച് ചില മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയ്ക്കായി പുറപ്പെടുവിച്ചിരുന്നു. പരീക്ഷാ നടത്തിപ്പ് പരിഷ്കരിക്കാനുള്ള നിർദ്ദേശങ്ങൾ ഇപ്പോൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഇക്കാര്യത്തിൽ സർക്കാർ കൈക്കൊള്ളുന്ന തീരുമാനങ്ങൾ കോടതിയുടെ അന്തിമ വിധിക്ക് വിധേയമായിരിക്കും.

(എഫ്) ഈ വിഷയം ഇപ്പോൾ ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ്.

പ്രൊഫഷണൽ കോളേജുകളിലെ വിദ്യാർത്ഥികളുടെ പ്രവേശനം

*10 [114] *ശ്രീ. എ. കെ. ബാലൻ:*
,, കെ. പി. സതീശ്ചന്ദ്രൻ:
ഡോ. തോമസ് ഐസക്:
ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൊഫഷണൽ കോളേജുകളിലെ വിദ്യാർത്ഥികളുടെ പ്രവേശനം മെരിറ്റിന്റെ അടിസ്ഥാനത്തിലിരിക്കണമെന്ന കോടതി നിർദ്ദേശം നടപ്പിലാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ പ്രവേശനത്തിന് ക്യാപ്പിറ്റേഷൻ ഫീസ് വാങ്ങുന്നത് തടയുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം;

(സി) സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ മാനേജ്മെന്റ് കോട്ടയിലും വിദ്യാർത്ഥികളുടെ പ്രവേശനം എൻട്രൻസ് കമ്മീഷണറുടെ ലിസ്റ്റിലെ റാങ്കിന്റെ മുൻഗണനാ ക്രമത്തിൽ ആയിരിക്കണമെന്ന് നിർദ്ദേശിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):*

(എ) ഉണ്ട്.

(ബി) ഉണ്ട്. കേരള സെൽഫ് ഫിനാൻസിംഗ് പ്രൊഫഷണൽ കോളേജസ് (പ്രൊഹിബിഷൻ ഓഫ് ക്യാപ്പിറ്റേഷൻ ഫീ ആന്റ് പ്രൊസീഡിയർ ഫോർ അഡ്മിഷൻ ആന്റ് ഫിക്സേഷൻ ഓഫ് ഫീസ്) ആക്ട്, 2004-ൽ ഇതിനുള്ള വ്യവസ്ഥയുണ്ട്. പ്രസ്തുത ആക്ടിന്റെ 6-ാം വകുപ്പു അനുസരിച്ച് തലവരി പണം വാങ്ങാൻ പാടില്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച പരാതി പരിശോധിക്കാൻ സുപ്രീം കോടതിയിൽ നിന്നോ ഹൈക്കോടതിയിൽ നിന്നോ വിരമിച്ച ജഡ്ജി ചെയർമാനും ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി മെമ്പർ

LIBRARY ARCHIVES Kerala Legislative Assembly